പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6723 01.11.2011- ലെ മറുപടി

## പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി കെ.എസ്.ആർ.ടി.സി ബസ് സർവ്വീസ്

ചോദ്യം | ഉത്തരം

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. വി. എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഉത്തരമലബാറിലെ പ്രധാന ചികിത്സാ കേന്ദ്രമായ പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി യാത്രക്കാർക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ഏഴോം, ചെറുതാഴം, കുഞ്ഞിമംഗലം, രാമന്തളി,എരമം കുറ്റൂർ, ചപ്പാരപ്പടവ്, പയ്യന്നൂർ മുനിസിപ്പാലിറ്റി, തളിപ്പറമ്പ് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി ബസ്സ് സർവ്വീസ് ആരംഭിക്കുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി. ഇപ്പോൾ നേരിടുന്ന പ്രധാന പ്രശ്നം ബസ്സിന്റെയും ജീവനക്കാരുടെയും കുറവാണ്. ബസ്സിന്റെയും ജീവനക്കാരുടെയും കുറവുകാരണം അനുവാദം നൽകിയ 250 ഓളം സർവ്വീസുകൾ ഇനിയും ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് അനുവാദം നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ പരിയാരം മെഡിക്കൽ കോളേജ് കേന്ദ്രമാക്കി യാത്രക്കാർക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മാടായി, ഏഴോം, ചെറുതാഴം, കുഞ്ഞിമംഗലം, രാമന്തളി, എരമം കുറ്റൂർ, ചപ്പാരപ്പടവ്, പയ്യന്നൂർ മുനിസിപ്പാലിറ്റി, തളിപ്പറമ്പ് മുനിസിപ്പാലിറ്റി എന്നീ പ്രദേശങ്ങൾ ബന്ധപ്പെടുത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് ഇപ്പോൾ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | പ്രസ്തുത സർവ്വീസ് ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ